മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) :

(എ) സർക്കാർ സേവനം കാര്യക്ഷമമായും അഴിമതിരഹിതമായും ജനങ്ങളിലെത്തിക്കുന്നതിന് വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ട്. സർക്കാർ വകുപ്പുകളിലെയും പൊതുമേഖലാ സ്ഥാപനങ്ങളിലെയും അഴിമതി തടയുന്നതിനായി രൂപീകരിച്ചിട്ടുള്ള വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയിൽ സർപ്രൈസ് വിസിറ്റിംഗ് സ്ക്വാഡ് രൂപീകരിച്ചിട്ടുണ്ട്. ആദ്യഘട്ടത്തിൽ തിരുവനന്തപുരം നഗരപരിധി പ്രവർത്തന മേഖലയായാണ് നിശ്ചയിച്ചിട്ടുള്ളത്. പ്രസ്തുത സംവിധാനം മറ്റ് പ്രധാന നഗരങ്ങളിലേയ്ക്കും കൂടി വ്യാപിപ്പിക്കുന്ന കാര്യം പരിശോധിച്ചുവരുന്നു.

(ബി) ആത്മാർത്ഥമായും കാര്യക്ഷമമായും ജോലി ചെയ്യുന്ന സർക്കാർ ഉദ്യോഗസ്ഥർക്ക് മികവിന്റെ അടിസ്ഥാനത്തിൽ സദ്സേവന പത്രം, മെറിട്ടോറിയസ് സർവ്വീസ് എൻട്രി, ബാഡ്ജ് ഓഫ് ഓണർ തുടങ്ങിയ ബഹുമതികൾ ഇതിനകംതന്നെ നൽകിവരുന്നുണ്ട്. ആത്മാർത്ഥത, കാര്യക്ഷമത തുടങ്ങിയ കാര്യങ്ങൾ പരിശോധിച്ചാണ് ഉദ്യോഗക്കയറ്റങ്ങൾ നൽകുന്നതും. സർക്കാർ നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിനും പൊതുസേവനങ്ങൾ വേഗത്തിലും കൃത്യമായും നൽകുക, പൊതുസേവനത്തിനുള്ള നൂതനാശയങ്ങൾ പ്രോത്സാഹിപ്പിക്കുക മുതലായ ലക്ഷ്യങ്ങൾക്കായി 'മുഖ്യമന്ത്രിയുടെ പൊതു സേവനത്തിനുള്ള നൂതനാശയങ്ങൾക്ക്' (Chief Minister's award for Innovations in Public Policy) പുരസ്കാരം ഏർപ്പെടുത്തിയിട്ടുണ്ട്. 2013 വർഷത്തെ അവാർഡുകൾ ഐ.എം.ജി.-യിൽ വച്ച് നടന്ന ചടങ്ങിൽ 2014 ഒക്ടോബർ 27-ന് വിതരണം ചെയ്യുകയുണ്ടായി.

വിജിലൻസ് ആന്റ് ആന്റികറപ്ഷൻ ബ്യൂറോയുടെ പ്രവർത്തനം കാര്യക്ഷമമാക്കുവാൻ നടപടി

.25 (*325) ശ്രീ. വി. പി. സജീന്ദ്രൻ :

ശ്രീ. സി. പി. മുഹമ്മദ് :

ശ്രീ. വർക്കല കഹാർ :

ശ്രീ. ബെന്നി ബെഹനാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയെ പുതിയ രൂപത്തിൽ മുന്നോട്ട് കൊണ്ടു പോകാനും കേസുകളിൽ അന്വേഷണം പൂർത്തിയാക്കാനും പുതിയ സംവിധാനങ്ങൾ ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ ; വിശദാംശങ്ങൾ നൽകുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) വിജിലൻസിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുവാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം?

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല) :

(എ) നിലവിലെ സംവിധാനത്തിൽ വിജിലൻസ് ആന്റ് ആന്റികറപ്ഷൻ ബ്യൂറോ അഴിമതിക്കെതിരായ പ്രവർത്തനങ്ങളിൽ ശക്തവും കർശനവുമായ നടപടികളാണ് സ്വീകരിച്ച് പ്രാവർത്തികമാക്കുന്നത്. വിജിലൻസ് കേസുകളുടെ അന്വേഷണങ്ങളിൽ അനാവശ്യ സമയ നഷ്ടം ഒഴിവാക്കി അവ സമയ പരിധിക്കുള്ളിൽ തീർപ്പാക്കുന്നതിന് കാലോചിതമായ എല്ലാ നടപടികളും കൈക്കൊള്ളാറുണ്ട്. വിജിലൻസിന്റെ പ്രവർത്തനങ്ങളും മറ്റും നവീകരിക്കുന്നതിന്റെ ഭാഗമായി ശക്തവും കാര്യക്ഷമവുമായ നടപടികൾ സ്വീകരിക്കുകയും കാലാനുസൃതമായി തീരുമാനങ്ങൾ എടുക്കുകയും ചെയ്യുന്നുണ്ട്. സമയബന്ധിത മായി വിജിലൻസ് കേസുകളും അന്വേഷണങ്ങളും തീർപ്പാക്കുന്നതിന് ആവശ്യമായ എല്ലാ നിർദ്ദേശങ്ങളും അന്വേഷണ ഉദ്യോഗസ്ഥർക്ക് നൽകുകയും അവയുടെ പുരോഗതി സമയാസമയങ്ങളിൽ വിലയിരുത്തുകയും ചെയ്യാറുണ്ട്. അന്വേഷണ ഉദ്യോഗസ്ഥരുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ വകുപ്പുതല പരിശീലനത്തിന്റെ ഭാഗമായി സി.ബി.ഐ ടെയിനിംഗ് ഉൾപ്പെടെയുള്ള പരിശീലന പരിപാടികൾ നൽകാറുണ്ട്.

(ബി) വിജിലൻസ് ആന്റ് ആന്റികറപ്ഷൻ ബ്യൂറോയുടെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്താൻ . ടോൾഫ്രീ, വിജിലൻസ് ലൈറ്റ്നിംഗ് സ്ക്വാഡ്. സോഷ്യൽ നെറ്റ്വർക്കിംഗ് സൈറ്റുകളിലൂടെ പരാതി സ്വീകരിക്കൽ തുടങ്ങി ഒട്ടേറെ നവീന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. സംസ്ഥാന വ്യാപകമായി വിവിധ വകുപ്പുകളുടെ കീഴിലുള്ള ഓഫീസുകളിൽ മിന്നൽ പരിശോധനകൾ നടത്തിയും, ട്രാപ്പുകൾ നടത്തിയും അഴിമതിക്കാരായ ഉദ്യോഗസ്ഥരെ പിടികൂടി അഴിമതി കണ്ടെത്തി നിർമ്മാർജ്ജനം ചെയ്യാനും വിജിലൻസ് ആന്റ് ആന്റികറപ്ഷൻ ബ്യൂറോ ഫലപ്രദമായി പ്രവർത്തിക്കുന്നു. ജില്ലാതല വിജിലൻസ് കമ്മിറ്റികൾ, (അഴിമതി വിരുദ്ധ പ്രവർത്തനങ്ങൾ അവലോകനം ചെയ്യുന്നതിന്റെ ഭാഗമായി) പ്രവർത്തന മികവ് തെളിയിക്കുന്ന വിജിലൻസ് ഉദ്യോഗസ്ഥർക്ക് ബാഡ്ജ് ഓഫ് ഓണർ, അഴിമതിയെ സംബന്ധിച്ച്

LIBRARY ARCHIVES Kerala Legislative Assembly